# നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ആദ്യ ഭാഗ റിപ്പോർട്ടിന്മേലുള്ള നടപടി റിപ്പോർട്ട്

## 1. ധനവിന്യാസം

### പൊതു ആവശ്യ ഫണ്ട്

1. സംസ്ഥാന സർക്കാരിൽ നിന്നും ലോക്കൽ ഗവണ്മെന്റുകൾക്ക് ന്യായമായും ലഭിക്കേണ്ട നികുതി വിഹിതം വർദ്ധിപ്പിക്കണമെന്നത് തികച്ചും നീതീകരിക്കത്തക്കതാണ് എന്ന് കമ്മീഷൻ ചൂണ്ടികാണിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ഞെരുക്കം പരിഗണിച്ച് നിലവിലുള്ള സ്ഥിതി തുടരണമെന്നും, t-2 സമ്പ്രദായം (രണ്ടു വർഷത്തിനുമുമ്പുള്ള നികുതി വരവിന്റെ യഥാർത്ഥ കണക്കായിരിക്കും തനത് വർഷം ലഭ്യമാവുക. ആയതിനാൽ അതിന്റെ അടിസ്ഥാനത്തിൽ വേണം ആ വർഷത്തെ ധനവിന്യാസം നിർണ്ണയിക്കുക) അനുസരിച്ച് സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 3.5% തദ്ദേശ സർക്കാരുകൾക്ക് നൽകണമെന്നും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഈയിനത്തിൽ 2011-12 വർഷത്തേക്കുള്ള തുക 617 കോടി രൂപയായിരിക്കും. തനത് വരുമാനവും പൊതു ആവശ്യ ഫണ്ടും ഉപയോഗിച്ച് ഭരണ ചെലവും നിർബന്ധിത സേവനങ്ങൾ നൽകുന്നതിനുള്ള ചെലവും (ഇതിന് സംരക്ഷണ ഫണ്ടോ വികസന ഫണ്ടോ ഉപയോഗിക്കുവാൻ കഴിയുകയില്ല) നിർവ്വഹിക്കുവാൻ കഴിയാത്ത നിരവധി ഗ്രാമ പഞ്ചായത്തുകൾ ഉണ്ട്. ലോക്കൽ ഗവണ്മെന്റുകൾ സമർപ്പിച്ച കണക്ക് പ്രകാരം അത്തരത്തിലുള്ള 300 ഓളം പഞ്ചായത്തുകൾ ഉണ്ട്. സാമ്പത്തിക പരാധീനത മൂലം ദൈനംദിന ഭരണം താറുമാറാകുന്നത് ഒഴിവാക്കുന്നതിനായി അത്തരം ഗ്രാമപഞ്ചായത്തുകൾക്ക് ഒരു വിടവ് നികത്തൽ ഫണ്ട് നൽകണമെന്നും ഇതിനായി ഗ്രാമപഞ്ചായത്തുകൾക്കുള്ള പൊതു ആവശ്യ ഫണ്ടിൽ നിന്നും 25 കോടി രൂപ നീക്കിവെയ്ക്കണമെന്നും ശുപാർശ ചെയ്യുന്നു. മുൻവർഷത്തെ വരവ്-ചെലവ് വിടവ് സംബന്ധിച്ച് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ തയ്യാറാക്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ വിടവ് നികത്തൽ ഫണ്ട് അനുവദിക്കേണ്ടതും അതിന്റെ വിതരണം വിടവിന് ആനുപാതികമായിരിക്കുകയും വേണം. **(11.1.4)**

***<u>നടപടി</u>***

***ശുപാർശ അംഗീകരിച്ചു. പൊതു ആവശ്യ ഗ്രാന്റിനത്തിൽ 2009-10 ലെ സംസ്ഥാന നികുതി വരുമാനത്തിന്റെ 3.5% ആയ 617.08 കോടി രൂപ 2011-12 വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.***

***2011-12 വർഷത്തെ ബജറ്റിൽ കോർപ്പറേഷനുകൾക്കും, മുനിസിപ്പാലിറ്റികൾക്കും, ജില്ലാ പഞ്ചായത്തുകൾക്കും, ബ്ളോക്ക് പഞ്ചായത്തുകൾക്കും, ഗ്രാമ പഞ്ചായത്തുകൾക്കും യഥാക്രമം 81.0264 കോടി രൂപയും, 57.7853 കോടി രൂപയും, 17.50 കോടി രൂപയും, 22.80 കോടി രൂപയും, 437.9683 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.***

2. പൊതു ആവശ്യഫണ്ടിൽ നിന്നും ഓരോ ജില്ലാ പഞ്ചായത്തിനും 125 ലക്ഷം രൂപ വീതവും ഓരോ ബ്ലോക്ക് പഞ്ചായത്തിനും 15 ലക്ഷം രൂപ വീതവും നീക്കിവയ്ക്കേണ്ടതും ശേഷിക്കുന്ന തുക 75.93:10.02:14.05 എന്ന അനുപാതത്തിൽ ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയ്ക്ക് വീതംവെച്ചു നൽകേണ്ടതുമാണ്. ലോക്കൽ ഗവണ്മെന്റുകൾക്കുള്ള പൊതു ആവശ്യ ഫണ്ടിന്റെ വിഹിതം അനുബന്ധം 10(എ)-യിൽ കൊടുത്തിരിക്കുന്നു. ഗ്രാമ പഞ്ചായത്തുകൾക്കുള്ള വിഹിതത്തിൽ നിന്നും വിടവ് നികത്തൽ ഫണ്ട് കുറയ്ക്കാവുന്നതും ശേഷിക്കുന്ന തുക നിലവിലുള്ള രീതി അനുസരിച്ച് ജനസംഖ്യയുടെ അടിസ്ഥാനത്തിൽ നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്തുകൾക്കുള്ള പൊതു ആവശ്യഫണ്ടിൽ നിന്നും 50 ലക്ഷം രൂപ പ്രത്യേക സാമ്പത്തിക സഹായമായി (Fiscal Support Grant) ഇടമലക്കുടി ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണ്. (ഇത് കൂടി ഉൾപ്പെട്ട തുകയാണ് പൊതു ആവശ്യ ഫണ്ടിൽ നിന്നുള്ള ഇടമലക്കുടി ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി അനുബന്ധം 10(എ)യിൽ കൊടുത്തിരിക്കുന്നത്). **(11.1.6)**

***<u>നടപടി</u>***

***ശുപാർശ അംഗീകരിച്ചു. 2011-12ൽ ലോക്കൽ ഗവൺമെന്റുകൾക്കുള്ള പൊതു ആവശ്യ ഫണ്ട് കമ്മീഷന്റെ നിർദ്ദേശ പ്രകാരം നീക്കിവെച്ചിട്ടുണ്ട്.***

3. ചരക്ക്-സേവന നികുതി നടപ്പിലാവുകയും വിനോദ നികുതി പ്രസ്തുത നികുതിയിൽ ലയിപ്പിക്കുകയും ചെയ്യുമ്പോൾ അവസാന വർഷം വിനോദ നികുതിയിനത്തിൽ ലഭിച്ച തുകയ്ക്കു തത്തുല്യമായ തുക അർഹതപ്പെട്ട ഓരോ ഗ്രാമപഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും അധികമായി നൽകണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. **(11.1.7)**

***<u>നടപടി</u>***

***ശുപാർശ ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചു.***

**സംരക്ഷണഫണ്ട്**

4. സംരക്ഷണ ഫണ്ടിന്റെ കാര്യത്തിൽ രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തതും സർക്കാർ അംഗീകരിച്ച് 2004-05 മുതൽ രണ്ടു വർഷം നടപ്പിലാക്കിയതുമായ രീതി തന്നെ നാലാം സംസ്ഥാന ധനകാര്യ കമ്മീഷനും ശുപാർശ ചെയ്തിട്ടുണ്ട്. (അതായത്, പൊതു ആവശ്യ ഫണ്ട് നിർണ്ണയിക്കുന്നത് പോലെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 5.5% സംരക്ഷണ ഫണ്ടായി നിജപ്പെടുത്തുക). ഇതനുസരിച്ച് യഥാർത്ഥ തുക കണക്കാക്കിയാൽ ആദ്യ വർഷം ഒരു കുതിച്ചുചാട്ടം ഉണ്ടാകുന്നതായി കാണാൻ കഴിയും. 9-ാം ശമ്പള കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുന്നതിന്റെയും, വായ്പ എടുക്കുന്നതിൽ കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന നിർദ്ദിഷ്ട നിയന്ത്രണത്തിന്റെയും ഫലമായി 2011-12 വർഷം സംസ്ഥാന സർക്കാരിന് ബുദ്ധിമുട്ട് ഏറിയതായിരിക്കും എന്നതിനാൽ, ചുവടെ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം മൂന്ന് വർഷ കാലയളവിലേക്ക് ക്രമാനുഗതമായ വർദ്ധനവാണ്

കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നത്. 2011-12 ലേക്ക് സംരക്ഷണ ഫണ്ടായി 793 കോടി രൂപയാണ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളത്.

| | | |
|---|---|---|
| 2011-12 | സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ (t-2) | 4.5% |
| 2012-13 | സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ (t-2) | 5% |
| 2013-14 | സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ (t-2) | 5.5% |
| 2014-15 | സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ (t-2) | 5.5% |
| 2015-16 | സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ (t-2) | 5.5% |

***(11.1.8)***

***<u>നടപടി</u>***

***ശുപാർശ അംഗീകരിച്ചു. റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി 2011-12 വർഷത്തെ ബജറ്റിൽ 792.85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.***

5. സംരക്ഷണ ഫണ്ടിന്റെ 2/3 ഭാഗം റോഡ് സംരക്ഷണത്തിനും 1/3 ഭാഗം റോഡിതര ആസ്തികളുടെ സംരക്ഷണത്തിനും വകയിരുത്തണമെന്നതാണ് കമ്മീഷന്റെ ശുപാർശ. പൊതു വിഭാഗത്തിൽ അനുവദിക്കുന്ന വികസന ഫണ്ടിന്റെ 40% തുകയെങ്കിലും പശ്ചാത്തല മേഖലാ വികസനത്തിനായി ഉപയോഗിക്കുന്നതിന് ഗ്രാമീണ തദ്ദേശ സർക്കാരുകളെ അനുവദിയ്ക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. **(11.1.9)**

***<u>നടപടി</u>***

***ശുപാർശ അംഗീകരിച്ചു. അതനുസരിച്ച് 2011-12 വർഷത്തെ ബജറ്റിൽ റോഡുകളുടെ സംരക്ഷണത്തിനായി 528.52 കോടി രൂപയും റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി 264.33 കോടി രൂപയും നീക്കിവെച്ചിട്ടുണ്ട്.***

6. ആസ്തികളുടെ അടിസ്ഥാനത്തിൽ ഫണ്ട് നൽകുന്ന ഒരു ഫോർമുലയിലേക്ക് മാറേണ്ടുന്ന സമയം സമാഗതമായെന്ന് കമ്മീഷൻ കരുതുന്നു. ചുരുങ്ങിയത് ഒൻപത് മാസത്തെയെങ്കിലും കഠിന പ്രയത്നത്താൽ മാത്രമേ കണക്കുകൾ കൃത്യമാക്കാൻ കഴിയൂ എന്നതിനാൽ ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ ആദ്യ വർഷം സംരക്ഷണഫണ്ട് നൽകണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഒരിക്കൽ കണക്കുകൾ കുറ്റമറ്റതാക്കിയാൽ അതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിൽ കുറവോ കൂടുതലോ വരികയാണെങ്കിൽ അത് രണ്ടാം വർഷം, അതായത്, 2012-13ൽ പരിഹരിക്കുന്നതാണ് എന്ന നിബന്ധനയ്ക്കു വിധേയമായിട്ടു വേണം ഇത്തരത്തിൽ ഫണ്ട് നൽകേണ്ടത്. അതിനുശേഷമുള്ള അവാർഡ് കാലയളവിൽ ആസ്തികളെ സംബന്ധിച്ച അന്തിമ കണക്കിന്റെ അടിസ്ഥാനത്തിൽ ഫണ്ട് വിതരണം തുടരാവുന്നതാണ്. **(11.1.10)**

***<u>നടപടി</u>***

***ശുപാർശ അംഗീകരിച്ചു.***

7. റോഡ് പണികൾക്കായി വികസനഫണ്ടിൽ നിന്നും സംരക്ഷണ ഫണ്ടിൽ നിന്നും പണം ഉപയോഗിക്കുന്നത് സംബന്ധിച്ച് കമ്മീഷൻ താഴെ പറയും പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

i) നാട്പാക്കിന്റെ സാങ്കേതിക സഹായം ഉപയോഗപ്പെടുത്തി എല്ലാ ജില്ലകളിലും കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കേണ്ടതാണ്. പശ്ചിമ ബംഗാൾ ഗ്രാമ വികസന ഏജൻസി ജി.ഐ.എസ്സ്- സാങ്കേതിക വിദ്യ ഉപയോഗിച്ച് ഒരു ശാസ്ത്രീയ റോഡ് മാപ്പിംഗ് സമ്പ്രദായം വിജയകരമായി നടപ്പിലാക്കിയിട്ടുള്ളതായി അറിയുന്നു. റോഡുകളുടെ അതിർത്തി നിർണ്ണയത്തിൽ ഈ ഏജൻസിയുടെ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനായി അവരുമായി നാട്പാക് ഒരു കരാറിൽ ഏർപ്പെടണമെന്ന് നിർദ്ദേശിക്കുന്നു. പരസ്പരം അംഗീകരിക്കുന്ന ലക്ഷ്യാധിഷ്ഠിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ലോക്കൽ ഗവണ്മെന്റുകൾ തന്നെ മുൻഗണനാ ക്രമം നിശ്ചയിക്കേണ്ടതാണ്.

ii) ടാർ-കോൺക്രീറ്റ് റോഡുകളുടെ നിർമ്മാണത്തിനോ വികസനത്തിനോ മാത്രമേ വികസനഫണ്ടും സംരക്ഷണ ഫണ്ടും ഉപയോഗിക്കാവൂ. ലോക്കൽ ഗവണ്മെന്റുകളുടെ തനത് ഫണ്ടോ അല്ലെങ്കിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്/എ.യൂ.ഇ.ജി.എസ് തുടങ്ങിയ പദ്ധതികളോ ഉപയോഗിച്ച് വേണം ചെമ്മണ്ണ് പാതകൾ നിർമ്മിക്കേണ്ടത്.

iii) ഒരു റോഡ് പണി ഒരിക്കൽ തുടങ്ങിയാൽ എല്ലാ അർത്ഥത്തിലും അത് പൂർത്തീകരിച്ചതിനു ശേഷം മാത്രമേ അടുത്ത റോഡ് പണി ഏറ്റെടുക്കാവൂ.

iv) റോഡുകളുടെ ഈട് ഉറപ്പു വരുത്തുന്നതിന് വേണ്ട ഉന്നത ഗുണനിലവാരഘടകങ്ങളും വ്യക്തമായ നിർദ്ദേശങ്ങളും തദ്ദേശ സ്വയംഭരണ വകുപ്പു നൽകേണ്ടതാണ്.

v) പി.എം.ജി.എസ്.വൈ-യുടെ കാര്യത്തിൽ എന്നതുപോലെ എഞ്ചിനീയറിംഗ് കോളേജുകളുടെയും പോളിടെക്നിക്കുകളുടെയും പങ്കാളിത്തത്തോടെ മൂന്നാം കക്ഷി ഗുണ നിലവാരം ഉറപ്പു വരുത്തൽ സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്.

vi) പ്രളയക്കെടുതി ബാധിച്ച റോഡുകളുടെ അറ്റകുറ്റപ്പണിയ്ക്കായി ദുരന്ത നിവാരണ ഫണ്ട് അനുവദിക്കുമ്പോൾ ലോക്കൽ ഗവണ്മെന്റുകളുടെ നിയന്ത്രണത്തിലുള്ള റോഡുകൾക്ക് ആനുപാതികവിഹിതം നൽകേണ്ടതാണ്. നാശനഷ്ടം വസ്തുനിഷ്ഠമായി കണക്കാക്കിയതിനുശേഷം ജില്ലാ കളക്ടർമാർ വേണം വിഹിതം നിശ്ചയിക്കേണ്ടത്

**(11.1.11)**

***<u>നടപടി</u>***

***ശുപാർശ അംഗീകരിച്ചു.***

**വികസന ഫണ്ട്**

8. 2011-12 വർഷം നിർദ്ദിഷ്ട പദ്ധതി അടങ്കലിന്റെ 25 ശതമാനവും തുടർന്നുള്ള വർഷങ്ങളിൽ കഴിഞ്ഞ കാല പ്രവണതകളുടെ വെളിച്ചത്തിൽ കമ്മീഷൻ അനുമാനിച്ചിട്ടുള്ള പദ്ധതി അടങ്കലിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവും ശുപാർശ ചെയ്തിട്ടുണ്ട്. കമ്മീഷന്റെ അഞ്ചുവർഷ അവാർഡ് കാലയളവിലേക്ക് വികസനഫണ്ടിനത്തിൽ ശുപാർശ ചെയ്തിരിക്കുന്ന തുക ചുവടെ കൊടുത്തിരിക്കുന്നു.

| വർഷം | പദ്ധതി വിഹിതം | യഥാർത്ഥ വിഹിതം |
|---|---|---|
| 2011-12 | 25.0% | 2750 കോടി രൂപ |
| 2012-13 | 27.5% | 3388 കോടി രൂപ |
| 2013-14 | 28.5% | 3933 കോടി രൂപ |
| 2014-15 | 29.5% | 4559 കോടി രൂപ |
| 2015-16 | 30.0% | 5193 കോടി രൂപ |

***(11.1.14)***

***<u>നടപടി</u>***

***2011-12 ലേക്കുള്ള ശുപാർശ അംഗീകരിച്ചു. 2011-12-ലെ ബജറ്റിൽ (അനുബന്ധം IV) ലോക്കൽ ഗവൺമെന്റുകൾക്കുള്ള വികസന ഫണ്ടിനത്തിൽ 2750 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്.***

9. ഓരോ വർഷവും വർദ്ധനവ് ശക്തമായി ശുപാർശ ചെയ്യുന്നുവെങ്കിലും ഇത് അതത് വർഷത്തെ പദ്ധതി അടങ്കലിന് വിധേയമായി മാറാവുന്നതാണ്. എന്നിരുന്നാലും യാതൊരു കാരണവശാലും ഒരു വർഷത്തെ വിഹിതം ആ വർഷത്തേക്ക് കമ്മീഷൻ കണക്കാക്കിയിരിക്കുന്ന പദ്ധതി വിഹിതത്തിന്റെ 25% ൽ കുറയാൻ പാടില്ല. **(11.1.15)**

***<u>നടപടി</u>***

***ശുപാർശ അംഗീകരിച്ചു.***

10. 13-ാം ധനകാര്യ കമ്മീഷൻ (2015-16, 14-ാം ധനകാര്യ കമ്മീഷന്റെ ആദ്യ വർഷമായിരിക്കും.) ശുപാർശ ചെയ്ത തുകയും കേരള ലോക്കൽ ഗവൺമെന്റ് സ്ട്രെംങ്തനിംഗ് ആന്റ് സർവീസ് ഡെലിവറി പ്രോജക്ട് (Kerala Local Government Strengthening and Service Delivery Project) എന്ന നിർദ്ദിഷ്ട ലോക ബാങ്ക് സഹായ പദ്ധതിയിൽ നിന്നും ലോക്കൽ ഗവൺമെന്റുകൾക്ക് ലഭിക്കുന്ന തുകയും ഉൾപ്പെട്ടതാണ് ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള തുക. **(11.1.16)**

***<u>നടപടി</u>***

***നിർദ്ദേശം അംഗീകരിച്ചു.***

11. മറ്റ് സംസ്ഥാനങ്ങൾ നിർബന്ധിത മാനദണ്ഡങ്ങൾ പാലിക്കാത്തതു മൂലം തിരിച്ചു പിടിക്കുന്ന ഗ്രാന്റ്, കേന്ദ്ര നികുതിയിലുള്ള വർദ്ധനവ് എന്നിവ മൂലം പതിമൂന്നാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള പെർഫോർമൻസ് ഗ്രാന്റിനേക്കാൾ കൂടുതൽ ഗ്രാന്റ് സംസ്ഥാനത്തിന് ലഭിക്കുകയാണെങ്കിൽ അധികമായി ലഭിക്കുന്ന തുക നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത തുകയ്ക്ക് പുറമെ ലോക്കൽ ഗവണ്മെന്റുകൾക്ക് കൈമാറേണ്ടതാണ്. സംസ്ഥാനത്തിന് പെർഫോർമൻസ് ഗ്രാന്റ് ലഭിക്കാതെ വരികയാണെങ്കിലും ലോക്കൽ ഗവണ്മെന്റുകൾക്ക് ലഭിക്കേണ്ട മൊത്തം വിഹിതത്തിൽ കുറവു വരുത്തരുതെന്നും കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നു. **(11.1.17)**

***<u>നടപടി</u>***

***നിർദ്ദേശം തത്വത്തിൽ അംഗീകരിച്ചു.***

12. വികസന ഫണ്ടിലെ ലോക ബാങ്ക് പദ്ധതി വിഹിതവും സംസ്ഥാന പദ്ധതിയേതര ഗ്രാന്റും നിലവിലുള്ളതു പോലെ 10 തുല്യ ഗഡുക്കളായി തുടർന്നും നൽകാവുന്നതാണെങ്കിലും കേന്ദ്ര ധനകാര്യ കമ്മീഷനിൽ നിന്നുള്ള ഗ്രാന്റ് പതിമൂന്നാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം രണ്ട് ഗഡുക്കളായി നൽകേണ്ടതാണെന്ന് കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നു. പദ്ധതിയേതര ഇനത്തിൽ നൽകുന്ന തുകയുടെ 80 ശതമാനത്തിൽ കുറയാത്ത തുക നിർബന്ധമായും ചെലവഴിക്കേണ്ടതും ഇത് കൈവരിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഭാവിയിലെ പദ്ധതിയേതര വിഹിതത്തിൽ മാത്രം ആനുപാതിക കുറവ് വരുത്തേണ്ടതുമാണ് എന്നും കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. **(11.1.18)**

***<u>നടപടി</u>***

***നിർദ്ദേശം തത്വത്തിൽ അംഗീകരിച്ചു.***

13. പ്രത്യേക ഘടക പദ്ധതി/പട്ടിക വർഗ്ഗ ഉപ പദ്ധതി വിഹിതം ഒഴികെയുള്ള വികസന ഫണ്ടിന്റെ ഭാഗം, ചുവടെ പ്രതിപാദിച്ചിരിക്കുന്ന മാനദണ്ഡ പ്രകാരം വിതരണം ചെയ്യണം.

*(തദ്ദേശ സർക്കാരുകൾക്കുള്ള വെയിറ്റേജ് ശതമാനത്തിൽ)*

| മാനദണ്ഡം | ഗ്രാമ പഞ്ചായത്ത് | ബ്ളോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | നഗരസഭകൾ |
|---|---|---|---|---|
| ജനസംഖ്യ (പട്ടിക ജാതി/ പട്ടിക വർഗ്ഗം ഒഴികെ) | 50 | 50 | 50 | 50 |
| ഇല്ലായ്മയുടെ തോത് (ഡിപ്രൈവേഷൻ ഇൻഡക്സ്) | 30 | 30 | 30 | 30 |
| നികുതി പിരിവിന്റെ കാര്യക്ഷമത | 10 | -- | -- | 10 |
| വിസ്തീർണ്ണം | 10 | 20 | 20 | 10 |

പ്രത്യേക ഘടക പദ്ധതി/പട്ടിക വർഗ്ഗ ഉപ പദ്ധതി എന്നിവയിൽ 2011-12 ൽ മുൻ വർഷത്തെ വിഹിതത്തെക്കാൾ 12% വർദ്ധനവ് 4-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ അവാർഡ് കാലയളവിലെ തുടർന്നുള്ള

വർഷങ്ങളിൽ ഈ ഇനത്തിലുള്ള വിഹിതം തദ്ദേശ സ്വയം ഭരണ വകുപ്പ്, ധനകാര്യ വകുപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവ കൂടിയാലോചിച്ച് തീരുമാനിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ വേണം വികസന ഫണ്ടിലെ പ്രത്യേക ഘടക പദ്ധതിയുടെയും പട്ടിക വർഗ്ഗ ഉപ പദ്ധതിയുടെയും വിഹിതം വിതരണം ചെയ്യേണ്ടത്. **(11.1.19)**

***<u>നടപടി</u>***

***ശുപാർശ അംഗീകരിച്ചു.***

**ഇല്ലായ്മയുടെ തോത്**

14. ഇല്ലായ്മയുടെ തോത് കണക്കാക്കുന്ന രീതി അദ്ധ്യായം VIII-ൽ വിശദമാക്കിയിട്ടുണ്ട്. 30% വെയിറ്റേജ് ഈ മാനദണ്ഡത്തിന് ശുപാർശ ചെയ്യുന്നു. ഇത് എല്ലാ തലത്തിലുള്ള ലോക്കൽ ഗവണ്മെന്റുകൾക്കും ഒരു പോലെ ബാധകമായിരിക്കും.

**(11.1.20)**

***<u>നടപടി</u>***

***ശുപാർശ അംഗീകരിച്ചു.***

**നികുതി പിരിവിന്റെ കാര്യക്ഷമത**

15. നികുതി പിരിവിന്റെ കാര്യക്ഷമതയെ അടിസ്ഥാനമാക്കി മൊത്തം വികസന ഫണ്ടിന്റെ പരമാവധി 10 ശതമാനം തുക ലോക്കൽ ഗവണ്മെന്റുകൾക്ക് നൽകുന്നതിന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. . മുൻ വർഷത്തെ അപേക്ഷിച്ച് തനതു വരുമാനം 10 ശതമാനമെങ്കിലും വർദ്ധിപ്പിക്കുന്ന ഗ്രാമ പഞ്ചായത്തുകൾക്കും നഗര സഭകൾക്കുമായി ഈ തുക വീതിച്ചു നൽകേണ്ടതുണ്ട്. നികുതി പിരിവിന്റെ കാര്യക്ഷമതാ മാനദണ്ഡമനുസരിച്ച് നീക്കിവെച്ചിട്ടുള്ള 10% തുകയിൽ നിന്നും യഥാർത്ഥത്തിൽ വീതിച്ചു നൽകേണ്ട തുക കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് തനതു നികുതി വരുമാനത്തിൽ വർദ്ധനവ് വരുത്തിയ ലോക്കൽ ഗവണ്മെന്റുകളുടെ എണ്ണവും ഓരോ വിഭാഗത്തിലുമുള്ള മൊത്തം ലോക്കൽ ഗവണ്മെന്റുകളുടെ എണ്ണവും തമ്മിലുള്ള അനുപാതത്തിൽ ആയിരിക്കണം നൽകേണ്ടത്. ഈ മാനദണ്ഡ പ്രകാരം നൽകുമ്പോൾ അധികം വന്നേക്കാവുന്ന തുക ജനസംഖ്യയുടെ അടിസ്ഥാനത്തിൽ വീതിച്ചു നൽകാവുന്നതാണ്. തദ്ദേശ സർക്കാരുകൾ തമ്മിലുള്ള ധന വിന്യാസത്തിനായി കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ള ഫോർമുല റിപ്പോർട്ടിന്റെ പത്താം അധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. **(11.1.21)**

***<u>നടപടി</u>***

***ശുപാർശ അംഗീകരിച്ചു.***

16. നികുതിയെ സംബന്ധിക്കുന്ന കണക്കുകൾ ശേഖരിക്കുന്നതിനുള്ള ഉത്തരവാദിത്തം പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കുമായിരിക്കും. ഇവർ എല്ലാ വർഷവും ഡിസംബർ 31-ാം തീയതിക്കു മുമ്പായി നികുതി ശേഖരണത്തിന്റെ സാക്ഷ്യപ്പെടുത്തിയ കണക്കുകൾ (t-2) ധനകാര്യ വകുപ്പിലെ സംസ്ഥാന ധനകാര്യ കമ്മീഷൻ (SFC) സെല്ലിനു നൽകണം. എസ്.എഫ്.സി സെൽ ഓരോ ലോക്കൽ

ഗവണ്മെന്റിനും ലഭിക്കേണ്ട വിഹിതം നിശ്ചയിക്കേണ്ടതും ആയത് സംസ്ഥാന പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡിന് ലഭ്യമാക്കേണ്ടതുമാണ്.

**(11.1.22)**

***<u>നടപടി</u>***

***നിർദ്ദേശം അംഗീകരിച്ചു.***

17. ഒരു ഗ്രാമ പഞ്ചായത്തിന്റെ കുറഞ്ഞ വിഹിതം 51 ലക്ഷം രൂപയിൽ നിന്നും 70 ലക്ഷം രൂപയായും , ഗുരുവായൂർ മുനിസിപ്പാലിറ്റിക്കുള്ള പ്രത്യേക വിഹിതം 14.64 ലക്ഷം രൂപയിൽ നിന്നും 20 ലക്ഷം രൂപയായും, ശബരിമലയുമായി ബന്ധപ്പെട്ട് കിടക്കുന്ന എരുമേലി, ചിറ്റാർ, റാന്നി-പെരുനാട്, വടശ്ശേരിക്കര, സീതത്തോട്, നാറാണംമൂഴി തുടങ്ങിയ ഗ്രാമപഞ്ചായത്തുകൾക്കുള്ള പ്രത്യേക വിഹിതം 7.32 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായും ഉയർത്താൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. മികച്ച ലോക്കൽ ഗവണ്മെന്റുകൾക്കുള്ള അവാർഡിനു വേണ്ടി വരുന്ന തുക വികസന ഫണ്ടിൽ നിന്നും മാറ്റിവയ്ക്കുന്ന നിലവിലുള്ള രീതി തുടരാവുന്നതാണ്. **(11.1.23)**

***<u>നടപടി</u>***

***ശുപാർശ അംഗീകരിക്കുകയും 2011-12 വർഷത്തെ ബജറ്റിൽ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്.***

**വിവിധ തലത്തിലെ ലോക്കൽ ഗവണ്മെന്റുകൾക്കുള്ള പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടിന്റെ വിഭജനം**

18. പ്രത്യേക ഘടകപദ്ധതി ഫണ്ടിന്റെ കാര്യത്തിലെന്നതുപോലെ പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടിന്റെ പങ്കുവയ്ക്കൽ 60:20:20 എന്ന അനുപാതത്തിൽ പുന:ക്രമീകരിക്കാവുന്നതാണ് എന്ന് കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നു. **(11.1.24)**

***<u>നടപടി</u>***

***ശുപാർശ അംഗീകരിച്ചു.***

**ജൈവ വൈവിധ്യ രജിസ്റ്റർ**

19. 2002 ലെ ജൈവ വൈവിധ്യ ആക്ടിന്റെ അന്തസ്സത്ത കണക്കിലെടുത്ത് പഞ്ചായത്തുകൾ നിർബന്ധമായും ജൈവ വൈവിധ്യ മാനേജ്മെന്റ് കമ്മിറ്റി (Biological Diversity Management Committee) രൂപീകരിക്കേണ്ടതാണെന്നും ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. ഇതിന് ആവശ്യമായ തുക (1,00,000 രൂപ വരെ) ഓരോ ഗ്രാമ പഞ്ചായത്തും വികസന ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതുമാണ്. **(11.1.25)**

***<u>നടപടി</u>***

***ശുപാർശ അംഗീകരിച്ചു.***

**ദുർബല ഗ്രാമ പഞ്ചായത്തുകൾക്കുളള പ്രത്യേക ധനസഹായം**

20. റിപ്പോർട്ടിന്റെ അനുബന്ധം 8-എ-യിൽ കൊടുത്തിട്ടുളള 16 ഗ്രാമ പഞ്ചായത്തുകൾക്ക് ഓരോന്നിനും 25 ലക്ഷം രൂപ വീതവും അനുബന്ധം 8ബി-യിൽ കൊടുത്തിട്ടുളള 58 ഗ്രാമ പഞ്ചായത്തുകൾക്ക് ഓരോന്നിനും 15 ലക്ഷം രൂപ വീതവും പ്രത്യേക ധനസഹായം ശുപാർശ ചെയ്തിട്ടുണ്ട്. **(11.1.26)**

***<u>നടപടി</u>***

***ശുപാർശ അംഗീകരിച്ചു.***

**2. ലോക്കൽ ഗവൺമെന്റുകളുടെ തനതു വരുമാനം വർദ്ധിപ്പിക്കൽ**

**എ) വസ്തു നികുതി**

21. പുതിയ വസ്തു നികുതി വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. രണ്ടാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തതു പോലെ ദ്വൈവാർഷിക പണപ്പെരുപ്പമില്ലാതാക്കൽ (biennial inflation neutralisation) നിർബന്ധമാക്കാനും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. മറിച്ച്, പണച്ചുരുക്കമുണ്ടായാൽ ആയത് നേരിടുന്നതിന് അനുയോജ്യമായ ക്രമീകരണങ്ങളും ഗവൺമെന്റിന് കൈക്കൊള്ളാവുന്നതാണ്. **(11.2.1)**

***<u>നടപടി</u>***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

22. ഏതെങ്കിലും പദ്ധതിയോ പ്രോജെക്ടോ നടപ്പിലാക്കുന്നതുമൂലമുണ്ടാകുന്ന അസാധാരണ ചെലവ് നേരിടുന്നതിനായി വസ്തു നികുതിയിൻമേൽ 50% ൽ കവിയാത്ത തുക സർചാർജ്ജായി ഈടാക്കുന്നതിന് ലോക്കൽ ഗവൺമെന്റുകളെ പ്രാപ്തരാക്കുന്ന വിധത്തിൽ ചട്ടങ്ങൾ അടിയന്തരമായി നിർമ്മിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നു. **(11.2.2)**

***<u>നടപടി</u>***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

23. നികുതി ഒടുക്കലിനെ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടി നികുതിയുടെ വിവരശേഖരം (database) കമ്പ്യൂട്ടർവൽക്കരിച്ച് പബ്ലിക് ഡൊമൈനിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. വസ്തു, അവയുടെ ഉപയോഗങ്ങളിലെ വ്യതിയാനം, അധിക നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ നൽകുന്നതിനുവേണ്ടി ഒരു ജി ഐ എസ് (GIS) അധിഷ്ഠിതമായ വസ്തു നികുതിയുടെ വിവരശേഖരം സൃഷ്ടിക്കുന്നത്, നികുതി തിട്ടപ്പെടുത്തൽ

കാര്യക്ഷമമാക്കുന്നതിന് കൂടുതൽ സഹായകരമായിരിക്കും. കൊൽക്കത്ത മുനിസിപ്പൽ കോർപ്പറേഷൻ വസ്തു നികുതിയെയും അവയുടെ നിർണ്ണയെത്തെയും കുറിച്ച് ജി ഐ എസ് വിവരശേഖരം ഉണ്ടാക്കിയിട്ടുണ്ടെന്നത് ഇവിടെ പ്രസ്താവ്യമാണ്. നികുതി നിർണ്ണയം ഒരു പ്രത്യേക സോഫ്റ്റ്‌വെയറിന്റെ സഹായത്താൽ ചെയ്തുവരുന്നു; പരിശ്രമകരമായ വിവര സാങ്കേതികവൽക്കരണത്തിലൂടെ വസ്തു നികുതിയിൽ പ്രതിവർഷം 30% വളർച്ച കൈവരിക്കാനും അവർക്ക് കഴിഞ്ഞിട്ടുണ്ട്. **(11.2.3)**

***നടപടി***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

24. ഭൂമിയുടെ ഉപയോഗ വ്യതിയാന നിരക്ക് അടുത്ത കാലത്ത് സംസ്ഥാനത്ത് അനിയന്ത്രിതമായി വർദ്ധിച്ചിട്ടുള്ളതിനാൽ കാർഷികേതര ഉപയോഗത്തിനായി വികസിപ്പിച്ചിട്ടുള്ള ഭൂമിയെ വസ്തു നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള സാദ്ധ്യതകൾ ഗവൺമെന്റ് പരിഗണിക്കണമെന്ന് കമ്മീഷൻ ശുപർശ ചെയ്യുന്നു. ഇതിനായി സെക്ഷൻ 203 (1) ലെ "വസ്തു (property)" വിന്റെ ഇപ്പോഴുള്ള നിർവ്വചനം-" വില്ലേജ് പഞ്ചായത്ത് വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന കെട്ടിടം ( ലാന്റ് അപ്പർട്ടെനന്റ് ഉൾപ്പെടെ) (building (including the land appurtenant there to) situated within the area of the village panchayat)" പര്യാപ്തമല്ല. കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 203, കേരളാ മുനിസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ 233 എന്നിവയ്ക്ക് വേണ്ടി 'വസ്തു (property)' വ്യക്തമായി പുനർനിർവ്വചിക്കേണ്ടതാണ്. **(11.2.4)**

***നടപടി***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

25. വസ്തുവിലയിൽ പ്രാദേശികമായി വലിയ വ്യതിയാനമുണ്ടാകുമെന്നതിനാൽ ഗവൺമെന്റ് ഏറ്റവും കുറഞ്ഞ വില മാത്രം നിർണ്ണയിക്കാനും അതാതു പ്രദേശത്തെ വസ്തു വിലയ്ക്കനുസരിച്ച് നിരക്ക് തീരുമാനിക്കുന്നതിനുള്ള സ്വാതന്ത്ര്യം ലോക്കൽ ഗവൺമെന്റുകൾക്ക് നൽകാനും കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. **(11.2.5)**

***നടപടി***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

26. വെസ്റ്റ് ബംഗാൾ സെൻട്രൽ വാലേഷൻ ബോർഡിന് സമാനമായ രീതിയിൽ ഒരു വസ്തു നികുതി ബോർഡ് രൂപീകരിക്കുവാൻ കമ്മീഷൻ ശുപാർശ ചെയ്യുന്നു. തദ്ദേശ സ്ഥാപനങ്ങളുടെ മേഖലാ വിഭജനം, തരം തിരിവ് എന്നീ പ്രക്രിയകളുടെ മേൽനോട്ടം, മൊത്തത്തിലുള്ള നയപരമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകൽ എന്നിവയ്ക്ക് വേണ്ടിയാണ് പ്രസ്തുത ബോർഡ് രൂപീകരിക്കുന്നത്. ബോർഡിന്റെ നടത്തിപ്പിനുള്ള ചെലവ് ഗവൺമെന്റിന് തീരുമാനിക്കാവുന്നതും ബന്ധപ്പെട്ട ലോക്കൽ ഗവൺമെന്റുകളിൽ നിന്നും ഈടാക്കുന്ന സർവ്വീസ് ചാർജ് ഉപയോഗിച്ച് ആയത് ലാഭനഷ്ടം കൂടാതെ പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. ഉദ്യോഗസ്ഥരെ ആവശ്യാനുസരണം കരാറടിസ്ഥാനത്തിൽ ബോർഡിനു തന്നെ നിയമിക്കാവുന്നതാണ്. പുതിയ നിർമ്മാണങ്ങൾക്കെന്നപോലെ, ബോർഡിന്റെ സഹായത്തോടുകൂടി 5 വർഷത്തിലൊരിക്കൽ നിലവിലുള്ള നികുതി വർദ്ധിപ്പിക്കുകയോ പരിഷ്ക്കരിക്കുകയോ ചെയ്യാവുന്നതാണ്. **(11.2.6)**

***<u>നടപടി</u>***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

27. നികുതി നിർണയിക്കപ്പെട്ട ഒരു വസ്തുവിന്റെ ഉടമസ്ഥാവകാശത്തിൽ മാറ്റം വരുമ്പോൾ വിൽപ്പനക്കാരനിൽ നിന്നും വസ്തു നികുതിയുടെ 50% വസ്തു കൈമാറ്റത്തിന്മേലുള്ള സെസ്സായി ഈടാക്കുവാനും ശുപാർശ ചെയ്യുന്നു. അതുപോലെ വസ്തു കൈവശം വച്ചിരിക്കുന്ന ആളിൽ മാറ്റം വരുമ്പോൾ ആയത് പഞ്ചായത്തിലോ/നഗരസഭയിലോ രേഖപ്പെടുത്തി പുതിയ കൈവശക്കാരനിൽ നിന്നും വസ്തു നികുതിയുടെ 25% രജിസ്ട്രേഷൻ ഫീസായി ഈടാക്കാവുന്നതുമാണ്. **(11.2.7)**

***<u>നടപടി</u>***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

28. വരുമാന കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിന് പുതിയ നികുതി ധന ചട്ടങ്ങൾ രൂപീകരിക്കാൻ അടിയന്തര നടപടികൾ എടുക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. **(11.2.8)**

***<u>നടപടി</u>***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

29. മുൻകൂട്ടി നികുതി അടക്കുന്നവർക്ക് പ്രോത്സാഹനം എന്ന നിലയിൽ 1% ഇളവ് നൽകണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നു. സർക്കാർ ഉത്തരവ് പ്രകാരം

പിഴപ്പലിശ ധനകാര്യ വർഷത്തിന്റെ അവസാന ഘട്ടത്തിൽ ഒഴിവാക്കുന്ന രീതി അവസാനിപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. **(11.2.9)**

***നടപടി***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

**ബി) തൊഴിൽ നികുതി**

30. പ്രൊഫഷനലുകളുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾ ശേഖരിക്കുന്ന തിനുള്ള പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതും അവ അനുയോജ്യമായ രീതിയിൽ അടയാളപ്പെടുത്തേണ്ടതുമാണ്. **(11.2.10)**

***നടപടി***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

**സി) വിനോദ നികുതി**

31. സിനിമാ ശാലകളിൽ നിന്നുള്ള വിനോദ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് കമ്പ്യൂട്ടർ അധിഷ്ഠിത ടിക്കറ്റ് സമ്പ്രദായം നടപ്പിലാക്കേണ്ടതും ഇരിപ്പിടം അടിസ്ഥാനപ്പെടുത്തിയുള്ള നികുതി വ്യവസ്ഥ ആവിഷ്ക്കരിക്കേണ്ടതാണെന്നും, ശുപാർശ ചെയ്തിട്ടുണ്ട്. അതോടൊപ്പം സിനിമാശാലകൾ തരം തിരിക്കുന്നതിനുവേണ്ട ഒരു പഠനം നടത്തേണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. **(11.2.11)**

***നടപടി***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

32. പെരിയാർ കടുവ സങ്കേതം (പി ടി ആർ) , പെരിയാർ തടാകം, പൂക്കോട് തടാകം, എടക്കൽ ഗുഹ തുടങ്ങിയ വിനോദ സഞ്ചാര കേന്ദ്രങ്ങൾ, ചില കൃഷി ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും പ്രവേശന നികുതി പിരിക്കുന്നുണ്ട്. കായലുകളിലും തടാകങ്ങളിലും ഹൗസ് ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്. മേൽ പറഞ്ഞ പ്രവർത്തനങ്ങൾ വിനോദ നികുതിക്ക് കീഴിൽ കൊണ്ടു വരുന്നതിന് ഇപ്പോഴുള്ള തദ്ദേശ സ്ഥാപങ്ങളുടെ വിനോദ നികുതി നിയമങ്ങളും ചട്ടങ്ങളും അപര്യാപ്തമാണ് . ബോട്ട് സവാരി, ആന സവാരി തുടങ്ങിയവയ്ക്ക് കനത്ത ഫീസ് ഈടാക്കുന്നുണ്ട്. ഇവയും വിനോദ നികുതിനിയമത്തിൻ കീഴിൽ കൊണ്ട് വരേണ്ടതാണ്. വിനോദവുമായി ബന്ധപ്പെട്ട നികുതി ചുമത്താവുന്ന മറ്റേതെങ്കിലും പുതിയ മേഖലകളുണ്ടെങ്കിൽ അതിനുള്ള സാധ്യതകളും ആരായേണ്ടതാണ്. വിനോദ നികുതി ചട്ടങ്ങളും നിയമങ്ങളും പുനഃപരിശോധനക്ക് വിധേയമാക്കേണ്ടതും കാലാനുസൃതമായി സമഗ്രമായി പരിഷ്ക്കരിക്കേണ്ടതുമാണ്. **(11.2.12)**

***നടപടി***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

**ഡി) പരസ്യ നികുതി**

33. കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകൾ, മറ്റ് പഞ്ചായത്തുകൾ എന്നിവയുടെ പരസ്യ നികുതിയുടെ കുറഞ്ഞ തോത് കാലാകാലങ്ങളിൽ പുതുക്കേണ്ടതും, ആയത് മത്സരാധിഷ്ഠിതമായ പരസ്യ മേഖലയിൽ പരസ്യത്തിന് വരുന്ന ചെലവ്, പരസ്യബോർഡുകളുടെ ആധിക്യം മൂലം സമൂഹത്തിലുണ്ടാവുന്ന ബുദ്ധിമുട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിലുമായിരിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്നു. പരസ്യബോർഡുകളുടെ ദോഷവശം കണക്കിലെടുത്ത് ഇത്തരം ബോർഡുകൾ സ്ഥാപിക്കുന്ന പരസ്യക്കാരെ നിരുത്സാഹപ്പെടുത്തുന്നതിന് വേണ്ടി അതിന്മേലുള്ള നികുതി ഗണ്യമായി വർദ്ധിപ്പിക്കേണ്ടതാണ്. പരസ്യബോർഡുകളുടെ അഭികാമ്യമായ വലുപ്പം നിശ്ചയിക്കുകയും, അനുവദനീയമായ അളവിൽ കൂടുതൽ വരുന്നതും വലിയതുമായ പരസ്യബോർഡുകൾ നിരുത്സാഹപ്പെടുത്തുന്നതിന് വേണ്ടി സാധാരണ നികുതി നിരക്കിന്റെ ഇരട്ടി ഈടാക്കാവുന്നതുമാണ്. **(11.2.14)**

***നടപടി***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

**ഇ) സേവന നികുതി**

34. സേവന നികുതി ചട്ടങ്ങൾ അടിയന്തരമായി പുറപ്പെടുവിക്കേണ്ടതാണെന്ന് കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നു. **(11.2.15)**

***നടപടി***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

**എഫ്) നികുതിയേതര വരുമാനം**

35. ഫീസിന്റെ ഘടന അനുയോജ്യമായ രീതിയിൽ കാലാനുസൃതമായി പുതുക്കി നിശ്ചയിക്കാനും, നിലവിലുള്ള പഴഞ്ചൻ ശീർഷകമായ "Licensing of Dangerous & Offensive Trades & Industries Rule" എന്നത് "KPR (Regulation of Trades, Service & Industries) Rules" എന്ന് പുനർ നാമകരണം ചെയ്യാനും നിർദ്ദേശിച്ചിട്ടുണ്ട്. **(11.2.16)**

***<u>നടപടി</u>***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യംഎന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

36. യന്ത്രോപകരണങ്ങൾ സ്ഥാപിക്കുന്നതിന് ലോക്കൽ ഗവണമെന്റുകൾക്ക് ഫീസ് ചുമത്താവുന്ന രീതിയിൽ ചട്ടം 18 ന്റെ പ്രോവിസോ 2 നീക്കം ചെയ്യാനും പട്ടിക III ഉം IV ഉം ഏകീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാനും കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. **(11.2.17)**

***<u>നടപടി</u>***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

37. ഹോം സ്റ്റേകൾ ഉത്തരവാദിത്ത വിനോദ സഞ്ചാര മേഖലയിലെ പ്രധാന ഭാഗമായതിനാൽ ഇവ ലോക്കൽ ഗവണ്മെന്റുകളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ് എന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. **(11.2.18)**

***<u>നടപടി</u>***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

38. ഇപ്പോൾ പണിപ്പുരയിലുള്ള പുതിയ കേരളാ പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങളുടെ നിർമ്മാണം ത്വരിതപ്പെടുത്തണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. **(11.2.19)**

***<u>നടപടി</u>***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

39. നിലവിലുള്ള കെ എം ബി ആർ 1999 ലെ ചട്ടം 15 എ പ്രകാരം നൽകുന്ന വികസന/കെട്ടിട നിർമ്മാണ പെർമിറ്റിന് അനുവദിക്കുന്ന തീയതി മുതൽ 3 വർഷത്തേക്കാണ് കാലാവധി. പെർമിറ്റിന്റെ കാലാവധിയ്ക്കുള്ളിൽ സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ഓരോ പ്രാവശ്യവും 10% പെർമിറ്റ് ഫീസ് ചുമത്തികൊണ്ട് പെർമിറ്റ് കാലാവധി രണ്ട് പ്രാവശ്യം വരെ തുടർന്ന് മൂന്ന് വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. പെർമിറ്റ് കാലാവധിക്ക് 1 വർഷം മുൻപ് സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ 50% പുതുക്കൽ ഫീസ് ചുമത്തി ഒരിക്കൽ മാത്രം 3 വർഷത്തേക്ക് കൂടി പെർമ്മിറ്റ് കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ് **(11.2.20)**

***നടപടി***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

40. നിലവിലുള്ള ചട്ട പ്രകാരം അനുവദനീയമായ മൊത്തം പെർമിറ്റ് കാലാവധി 9 വർഷത്തിൽ കൂടാൻ പാടില്ല. മുൻകൂട്ടി കാണാൻ കഴിയാത്ത ചില കാരണങ്ങളാൽ താമസമുണ്ടാകുന്ന ചില സന്ദർഭങ്ങളുണ്ട്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ നിയമ പ്രകാരം കാലാവധിയ്ക്കുള്ളിൽ തന്നെ നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ടുണ്ടെങ്കിലും കാലാവധി 9 വർഷം അധികരിച്ചു എന്ന കാരണത്താൽ ലോക്കൽ ഗവണ്മെന്റുകൾക്ക് ഈ കെട്ടിട നിർമ്മാണ പ്രവർത്തനത്തെ ക്രമീകരിച്ച് സാധാരണ ഗതിയിലുള്ള നികുതി അസസ്സ്മെന്റിൻ കീഴിൽ കൊണ്ടുവരാൻ കഴിയുകയില്ല. ആയതിനാൽ ഇത്തരത്തിലുള്ള കെട്ടിട നിർമ്മാണങ്ങൾക്ക് നിലവിലുള്ള ഫീസിന്റെ മൂന്നിരട്ടി കോമ്പൗണ്ടിംഗ് ഫീസിനത്തിൽ ചുമത്തി ക്രമീകരിക്കുന്നതിന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. **(11.2.21)**

***നടപടി***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

**ജി) അധിക വിഭവ സമാഹരണത്തിനുള്ള പ്രചരണ പ്രവർത്തനങ്ങൾ**

41. സംസ്ഥാനത്തുടനീളമുള്ള കോർപ്പറേഷനുകളിലും നഗരസഭകളിലും റെസിഡൻസ് അസോസിയേഷനുകൾ വളരെ ശക്തമാണ്. താമസക്കാരിൽ നികുതി അവബോധം സൃഷ്ടിക്കുവാനും നികുതി അടയ്ക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുവാനുള്ള പ്രചരണ പ്രവർത്തനങ്ങൾക്കും ഈ റസിഡൻസ് അസോസിയേഷനുകളെ ഉപയോഗപ്പെടുത്താവുന്നതാണ്. 'ജനഗൃഹ' തുടങ്ങിവച്ച ബാംഗ്ളൂർ പരീക്ഷണം ഇവിടെ അനുയോജ്യമായ രീതിയിൽ നടപ്പിൽ വരുത്താവുന്നതാണ്. **(11.2.22)**

***നടപടി***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

42. അധിക വിഭവ സമാഹരണം നടത്തുന്നതിനുള്ള മറ്റൊരു വഴി പകരത്തിനു പകരം (quid pro quo) എന്ന രീതിയിൽ റെസിഡൻസ് അസോസിയേഷനുകൾ നടത്തുന്ന പ്രവർത്തനങ്ങളെ സ്ഥാപനവത്കരിക്കുക എന്നതാണ്. ഉദാഹരണത്തിന്, തുടർച്ചയായി ഉയർന്ന നിരക്കിൽ വരുമാന ശേഖരണത്തിനു സഹായിക്കുന്ന റെസിഡൻസ് അസോസിയേഷനുകൾക്ക് അവരുടെ പരിധിയിൽ വരുന്ന സ്ഥലത്ത് വരുമാനത്തിന്റെ ഒരു ഭാഗം ഉപയോഗിച്ച് റോഡ് നന്നാക്കൽ, മെർക്കുറി വിളക്കുകൾ സ്ഥാപിക്കൽ

എന്നിവയ്ക്കോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും പൊതു ആവശ്യങ്ങൾക്കോ അവരുടെ താത്പര്യപ്രകാരം പണം ചെലവാക്കാൻ അനുവാദം നൽകാവുന്നതാണ്. **(11.2.23)**

***നടപടി***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

43. ബന്ധപ്പെട്ട ലോക്കൽ ഗവണ്മെന്റുകളുടെ വെബ് സൈറ്റിൽ കൂടി നികുതി നികുതിയേതര കുടിശ്ശികക്കാരുടെ പേരുവിവരങ്ങൾ നൽകാൻ ഒരു ശ്രമം നടത്താവുന്നതാണ്. **(11.2.24)**

***നടപടി***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

## 3. കടമെടുക്കൽ, പൊതു സ്വകാര്യ പങ്കാളിത്ത (PPP) സംരംഭങ്ങൾ, ബോണ്ടുകൾ

44. കടമെടുക്കലും, പി.പി.പി സംരംഭങ്ങളും ബോണ്ടുകളും സംബന്ധിച്ച് കമ്മീഷൻ താഴെ പറയുന്ന ശുപാർശകൾ നൽകുന്നു.

**എ) കടമെടുക്കൽ**

1. കേരളാ ലോക്കൽ അതോറിറ്റീസ് ലോൺസ് ആക്ടിലെ നിലവിലുള്ള ചട്ടങ്ങൾ വളരെ ചുരുങ്ങിയതും നടപടി ക്രമങ്ങൾ നിറഞ്ഞതുമാണ്. ആയത് തിരിച്ചടവിൽ വീഴ്ച വരുത്തുന്ന പക്ഷം സ്വീകരിക്കേണ്ട നടപടികൾ, വായ്പയുടെ ശരിയായ തിരിച്ചടവിനുള്ള മുൻകരുതലുകൾ, പദ്ധതികളുടെ പ്രായോഗികത നിശ്ചയിക്കാനുള്ള നടപടികൾ, കടമെടുക്കാനുള്ള കഴിവ് തുടങ്ങിയ കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി വിപുലീകരിക്കേണ്ടതാണ്.
2. സേവന നികുതി എസ്ക്രോ ആയോ പദ്ധതിയിൽ നിന്നും വരുമാനം ലഭിക്കാനിടയുള്ളതോ ആയ പദ്ധതികൾക്ക് മാത്രമെ കടമെടുക്കൽ അനുവദിയ്ക്കാവൂ .
3. സർക്കാർ ധനസഹായത്തിൽ നിന്ന് തിരിച്ചടവ് ആവശ്യമായി വരുന്ന പദ്ധതികളെ കടമെടുപ്പിൽ നിന്ന് ഒഴിവാക്കണം. ഏതെങ്കിലും ലോക്കൽ ഗവണ്മെന്റ് വർഷങ്ങൾ നീണ്ടു നിൽക്കുന്ന പദ്ധതികൾ സർക്കാർ ധനസഹായത്തോടെ തിരിച്ചടയ്ക്കാം എന്ന ഉദ്ദേശത്തോടെ കടമെടുക്കുകയാണെങ്കിൽ ആയവയുടെ കാലാവധി ഒരു കാരണവശാലും ആ ലോക്കൽ ഗവണ്മെന്റിന്റെ കാലാവധിയെ അധികരിക്കരുത്. നിലവിലുള്ള ലോക്കൽ ഗവണ്മെന്റ് അവർ ഉപയോഗപ്പെടുത്തിയ വായ്പയ്ക്ക് ഭാവിയിൽ വരാനിരിക്കുന്ന ലോക്കൽ ഗവണ്മെന്റുകളുടെ ഫണ്ട് അടിസ്ഥാനപ്പെടുത്തി തിരിച്ചടവ് നിശ്ചയിക്കുന്നത് ഒട്ടും നീതികരിയ്ക്കാവുന്നതല്ല.

4. കടമെടുക്കുന്നതിനുള്ള നിർദ്ദേശം വിശദമായ പ്രോജക്ട് റിപ്പോർട്ടോട് കൂടിയുള്ളതായിരിക്കണം. പ്രോജക്ട് റിപ്പോർട്ട് സുതാര്യമായ നടപടികളിലൂടെ കെ.എൽ.ജി.ഡി.എഫിന്റെ അംഗീകാരം ലഭിച്ച ഏജൻസികളോ വിദഗ്ധരോ തയ്യാറാക്കിയ തായിരിക്കണം. തിരിച്ചടവ് വിവരങ്ങളും ഭാവിയിൽ ലഭിയ്ക്കാനിടയുള്ള വരുമാനം സംബന്ധിച്ച വിവരങ്ങളും പ്രോജക്ട് റിപ്പോർട്ടിൽ വ്യക്തമായി കാണിച്ചിരിക്കണം.
5. കെ.എൽ.ജി.ഡി.എഫിന്റെ കീഴിൽ ഒരു സംസ്ഥാനതല സാങ്കേതികോപദേശ സമിതി പ്രോജക്ട് റിപ്പോർട്ടുകൾക്ക് അംഗീകാരം നൽകുന്നതിനായി രൂപീകരിക്കേണ്ടതാണ്. ഈ വിദഗ്ധ സമിതി പരമാവധി ഒരു മാസത്തിനകം പ്രോജക്ടുകൾ പരിശോധിയ്ക്കേണ്ടതും അഭിപ്രായങ്ങൾ സംസ്ഥാനതല സമിതിയ്ക്ക് മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്.
6. കടമെടുക്കൽ സംബന്ധിച്ച ഒരു മുഖ്യ വിവര ശേഖരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർക്കും, തദ്ദേശ സ്വയം ഭരണ വകുപ്പിനും ലഭ്യമാക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ വെബ് സൈറ്റിലൂടെ ആയത് പൊതുജനങ്ങൾക്കും ലഭ്യമാക്കേണ്ടതാണ്.
7. സർക്കാർ അനുവാദത്തോടെ കടമെടുത്ത് നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾക്കും കേന്ദ്രീകൃത മേൽനോട്ടം ആവശ്യമാണ്. തിരിച്ചടവിൽ പിഴവ് വരുന്ന പക്ഷം ആയത് ഉടനടി പരിഹരിക്കുന്നതിന് സർക്കാരിനെ പ്രാപ്തമാക്കാൻ മൂന്ന് മാസത്തിലൊരിക്കൽ പദ്ധതിയുടെ അവലോകനം നടത്തേണ്ടതാണ്.

**ബി) പി പി പി പദ്ധതികൾ**

1. ലോക്കൽ ഗവണ്മെന്റുകളുടെ പി പി പി പദ്ധതികൾക്ക് വേണ്ടി പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ കൊണ്ടുവരേണ്ടതാണ്. വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ടാക്കുന്ന ചുമതല ഒരു വിദഗ്ധ സമിതിയേയോ സ്ഥാപനത്തേയോ ഏൽപ്പിക്കുകയും സമിതി/സ്ഥാപനം വ്യക്തമായ നയചട്ടക്കൂട് നിർദ്ദേശിക്കുകയും ആയത് പരിശോധിച്ച് സർക്കാർ ഒരു തീരുമാനം എടുക്കുകയും ചെയ്യണം.
2. ബി ഒ ടി അനുമതി നൽകുന്ന സമിതിക്ക് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനു മുൻപ് അവ ലോക്കൽ ഗവണ്മെന്റുകളിൽ നിന്ന് ലഭിക്കുമ്പോൾ പരിശോധിയ്ക്കുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പിൽ തന്നെ വിദഗ്ധരുടെ/ഏജൻസികളുടെ ഒരു സമിതി ഉണ്ടാക്കണം.
3. പി പി പി പദ്ധതികളുടെ ശാക്തീകരണ പരിപാടി കിലയെ ചുമതലപ്പെടുത്തണം
4. കടമെടുക്കലിലൂടെ നടപ്പിലാക്കുന്ന പദ്ധതികളുടെ മേൽനോട്ടത്തിന് എന്നത് പോലെ തന്നെ പി പി പി പദ്ധതികളുടെ മേൽനോട്ടത്തിനും ഒരു വ്യവസ്ഥ പദ്ധതികാലത്തേക്ക് ഉണ്ടാക്കണം. പദ്ധതികളുടെ വ്യവസ്ഥകളും ആനുകൂല്യങ്ങളും കാലോചിതമായി വിലയിരുത്തലിനു വിധേയമാക്കേണ്ടതാണ്. ഇവിടേയും എല്ലാ പദ്ധതികളേയും സംബന്ധിച്ച കേന്ദ്രീകൃത വിവരശേഖരം ഉണ്ടാകേണ്ടത് ആവശ്യമാണ്. അങ്ങനെ പൊതുജനത്തിനു ലഭിക്കുന്ന ആനുകൂല്യങ്ങളും അവ ലഭിക്കുന്ന കാലാവധിയും അറിയാൻ കഴിയണം.

**സി) ബോണ്ടുകളുടെ വിതരണം**

1. തിരുവനന്തപുരം, കൊച്ചി. കോർപ്പറേഷനുകളുടെ കട നിലവാരം (credit rating) മെച്ചപ്പെടുത്തുന്നതിനായി ഒരു കർമ്മ പരിപാടി സമയ ബന്ധിതമായി ആവിഷ്ക്കരിക്കണം. ഇത് തയ്യാറാക്കുകയും, നടപ്പിൽ വരുത്തുകയും, മേൽനോട്ടം വഹിക്കുകയും ചെയ്യുന്ന ചുമതല കെ.എൽ.ജി.ഡി.എഫിനെ ഏൽപ്പിക്കാവുന്നതാണ്.
2. അവശേഷിക്കുന്ന മൂന്ന് നഗര കോർപ്പറേഷനുകളായ കൊല്ലം, തൃശ്ശൂർ, കോഴിക്കോട് എന്നിവയുടെയും കോട്ടയം, കണ്ണൂർ തുടങ്ങി ബോണ്ടുകൾ വിതരണം ചെയ്യാൻ പ്രാപ്തിയുള്ള നഗരസഭകളുടെയും കടനിലവാരം നിർണ്ണയിക്കാൻ കെ.എൽ.ജി.ഡി.എഫിനെ ചുമതലപ്പെടുത്തണം.

**(11.3.1)**

***<u>നടപടി</u>***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***

## 4. അക്കൗണ്ട്സ് പരിഷ്കരിച്ച് കാര്യക്ഷമമാക്കൽ

45. അക്കൗണ്ടിങ്ങിനെ സംബന്ധിച്ച് കമ്മീഷൻ ചുവടെ ചേർത്തിട്ടുള്ള ശുപാർശകൾ നൽകിയിട്ടുണ്ട്

1. താഴെപ്പറയും വിധം പുതിയൊരു അക്കൗണ്ടിംഗ് കേഡർ ദ്രുതഗതിയിൽ ലോക്കൽ ഗവൺമെന്റുകളിൽ നിലവിൽ വരേണ്ടതായുണ്ട്.

| | | |
|---|---|---|
| ഗ്രാമ പഞ്ചായത്ത് | 1 അക്കൗണ്ടന്റ് | |
| ബ്ലോക്ക് പഞ്ചായത്ത് | 1 അക്കൗണ്ടന്റ് | |
| ജില്ലാ പഞ്ചായത്ത് | 2 അക്കൗണ്ടന്റ് | |
| മുനിസിപ്പാലിറ്റി | 2 അക്കൗണ്ടന്റ് | (വലിയ നഗരസഭകളിൽ ഇത് മൂന്നായും 50000-ൽ താഴെ ജനസംഖ്യയുള്ള ചെറിയ നഗരസഭകളിൽ ഇത് ഒന്നായും നിജപ്പെടുത്തിയിരിക്കുന്നു). |
| കോർപ്പറേഷൻ | 5 അക്കൗണ്ടന്റ് | |

(അപ്പർ ഡിവിഷൻ ക്ലാർക്കിന് സമാനമായ തലത്തിൽ, ബി.കോം ഡിഗ്രി മിനിമം അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള ഒരു വ്യക്തിയെയാണ് എൻട്രി ലെവലിൽ ആദ്യമായി നിയമിക്കേണ്ടത്)

2. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കണക്കുകൾ പരിശോധിക്കുന്നതിനായി ഒറ്റത്തവണ അടിസ്ഥാനത്തിൽ ഒരു പ്രത്യേക പരിപാടി നിർവ്വഹിയ്ക്കുവാൻ അക്കൗണ്ടന്റ്

ജനറലിനോട് ആവശ്യപ്പെടാവുന്നതാണ്. ഇതിനായുള്ള സ്റ്റാഫിനെ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറേറ്റിൽ നിന്നും ഫെർഫോമൻസ് ആഡിറ്റ് അതോറിറ്റിയിൽ നിന്നും ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗത്തിൽ നിന്നും കണ്ടെത്തണം.

3. ഫൈനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മാസാടിസ്ഥാനത്തിൽ കണക്കുകൾ പാസാക്കുന്ന ഒരു സമ്പ്രദായം നിലവിൽ വരണം. ഇതിനായി ലളിതമായ രൂപരേഖ തയ്യാറാക്കണം.
4. ഫൈനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി പാസാക്കുന്ന ഗ്രാമ പഞ്ചായത്തുകളുടെ കണക്കുകൾ ജില്ലാതലത്തിൽ ഡെപ്യൂട്ടി ഡയറക്ടറും ബ്ലോക്ക് പഞ്ചായത്തുകളുടേയും ജില്ലാ പഞ്ചായത്തുകളുടേയും കണക്കുകൾ സംസ്ഥാന തലത്തിൽ റൂറൽ ഡെവലപ്മെന്റ് കമ്മീഷണറും നഗരസഭകളുടെ കാര്യത്തിൽ നഗരകാര്യ ഡയറക്ടറും ക്രോഡീകരിക്കേണ്ടതാണ്. ഈ പ്രക്രിയ പൂർത്തിയായ ശേഷം ഇവയെല്ലാം സ്റ്റേറ്റ് ഫെർഫോമൻസ് ആഡിറ്റ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പ്രതിമാസ അക്കൗണ്ടുകൾ സമർപ്പിക്കുവാനും കൂട്ടിയോജിപ്പിക്കുവാനും അപഗ്രഥിക്കാനും വേണ്ടിയുള്ള ഒരു ലളിതമായ സോഫ്റ്റ്വെയർ തയ്യാറാക്കുവാൻ ഇൻഫർമേഷൻ കേരള മിഷനോട് ആവശ്യപ്പെടാവുന്നതാണ്.
5. കണക്ക് സൂക്ഷിക്കുന്നതിൽ ഗുരുതരമായ പിഴവുകൾ വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ കൈക്കൊള്ളാവുന്നതാണ്.
6. നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ഉപയോഗിച്ചുവരുന്ന സോഫ്റ്റ്വെയർ ഏറ്റെടുക്കാനുള്ള സാധ്യതയും പരിശോധിക്കേണ്ടതുണ്ട്. അത്തരമൊരേറ്റെടുക്കൽ സമത്വവും പ്രാപ്യതയും ഉറപ്പുവരുത്താൻ സഹായകമാകും.

**(11.4.1)**

***<u>നടപടി</u>***

***ശുപാർശ അംഗീകരിച്ചു. സംസ്ഥാന സർക്കാരിന് അധിക ബാധ്യത ഉണ്ടാകാത്ത വിധത്തിൽ ബന്ധപ്പെട്ട ലോക്കൽ ഗവണ്മെന്റുകളുടെ തനത് വരുമാനത്തിൽ നിന്നു തന്നെ അധിക ചെലവ് വഹിക്കണമെന്ന നിബന്ധനയ്ക്കു വിധേയമായി ലോക്കൽ ഗവണ്മെന്റുകളുടെ അക്കൗണ്ടിംഗ് കേഡർ നടപ്പിലാക്കാവുന്നതാണ്.***

## 5. മുൻ ധനകാര്യ കമ്മീഷൻ ശുപാർശകളുടെ പുനരുജ്ജീവനം

46. മുൻ ധനകാര്യ കമ്മീഷനുകളുടെ പുനരംഗീകരിക്കപ്പെടേണ്ടതും താമസംവിനാ നടപ്പിലാക്കപ്പെടേണ്ടതുമായ ശുപാർശകൾ താഴെപ്പറയുന്നവയാണ്.

1. റവന്യൂ വില്ലേജുകൾ മുഴുവനായി ഒരു ഗ്രാമ പഞ്ചായത്തിന്റെയോ, മുനിസിപ്പാലിറ്റിയുടേയൊ, കോർപ്പറേഷന്റെയൊ ഭാഗമാകണം എന്ന ഉദ്ദേശ്യം നടപ്പിലാക്കാൻ റവന്യൂ വില്ലേജുകളുടെ അതിർത്തി നിശ്ചയിക്കൽ പ്രക്രിയ നടപ്പിൽവരുത്തേണ്ടതുണ്ട്.
2. പരസ്യനികുതിയുടെ മിനിമം നിരക്കുമാത്രം സർക്കാർ തീരുമാനിക്കുകയും, പരസ്യ നിരക്കുകൾ തീരുമാനിക്കുവാനുള്ള അവകാശം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതുമാണ്. പരസ്യങ്ങൾ അംഗീകൃതമാണെന്ന് ഉറപ്പാക്കേണ്ട ഒരു സമ്പ്രദായം

നിലവിൽ വരണം. അംഗീകൃതമല്ലാത്ത പരസ്യങ്ങളുടെ മേൽ സാധാരണ നികുതിയുടെ അഞ്ചിരട്ടിയായി പിഴ നിശ്ചയിച്ച് ചുമത്തേണ്ടതുമാണ്.

3. സർക്കാർ നിശ്ചയിച്ച നിർബന്ധിത മിനിമം തുകയ്ക്ക് മുകളിൽ ലൈസൻസ്/പെർമിറ്റ് ഫീസുകൾ പുതുക്കി നിജപ്പെടുത്തുവാനുള്ള സ്വാതന്ത്ര്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.

4. കേബിൾ ടെലിവിഷൻ, ഇന്റർനെറ്റ് എന്നിവ വിനോദനികുതിയുടെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

5. ഭൗമവിവരസുരക്ഷ അടിസ്ഥാനം ഉപയോഗിച്ച് നികുതി സാധ്യതതകളെക്കുറിച്ച് കൃത്യമായ ഒരു നിർണ്ണയ സമ്പ്രദായം നടപ്പിൽ വരുത്തി ഓരോ പ്രത്യേക പ്രദേശത്തിനും പ്രാദേശിക നമ്പർ കല്പ്പിച്ച് നൽകുവാനുള്ള നടപടികൾ എല്ലാ ഗ്രാമപഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും കോർപ്പറേഷനുകളും കൈക്കൊള്ളേണ്ടതാണ്.

6. പുതിയ കെട്ടിടങ്ങൾക്ക് ഉടനെയും നിലവിലുള്ള കെട്ടിടങ്ങൾക്ക് പുനർ നിർണ്ണയത്തിന്ശേഷം 2011 ഏപ്രിൽ 1 മുതലും പ്ളിന്ത് ഏരിയ അടിസ്ഥാനത്തിൽ വസ്തു നികുതി ഏർപ്പെടുത്തേണ്ടതാണ്. ഇത്തരത്തിലുള്ള നികുതിവർദ്ധനവിനുള്ള പരിധിയും പുനഃപരിശോധിക്കേണ്ടതാണ്. ഇതു സാധ്യമല്ലാത്തപക്ഷം തിരുത്തലുകൾ പിന്നീട് വരുന്ന നിർണ്ണയ കാലാവധിയിലേയ്ക്ക് വ്യാപിപ്പിക്കാവുന്നതാണ്.

7. നെൽപ്പാടം നികത്തുന്നതിന് മൂലധന മൂല്യത്തിന്റെ 5% എന്ന നിരക്കിൽ പരിവർത്തനനികുതി ഈടാക്കേണ്ടതാണ്. മുൻ അനുമതി കൂടാതെയുള്ള പരിവർത്തനങ്ങളുടെ കാര്യത്തിൽ മേൽനിരക്കിന്റെ 10 ഇരട്ടി ഈടാക്കേണ്ടതുണ്ട്.

8. കാലാനുസൃതമായി പുതുക്കേണ്ട ലൈസൻസുകളുടെയും പെർമിറ്റുകളുടേയും കാര്യത്തിൽ ഇളവുകാലാവധിയായ 10 ദിവസത്തിന് ശേഷം ഫീസിന്റെ 25% കാലതാമസത്തിനുള്ള പിഴയായി ഈടാക്കേണ്ടതാണ്. കാലതാമസം വരുത്തുന്ന ഓരോ ദ്വൈവാരത്തിനും മേൽപ്പിഴ 25% വച്ച് വർദ്ധിപ്പിക്കേണ്ടതുമാണ്.

9. പൊതുസ്ഥലങ്ങളിൽ താല്ക്കാലിക പീടികകൾ കെട്ടിപ്പടുക്കുന്നതിനുള്ള അധികാരം ലേലം ചെയ്തു കൊടുക്കുവാനുള്ള അവകാശം, കേരളാ മുൻസിപ്പാലിറ്റി ആക്ടിന്റെ 376-ാം വകുപ്പ് പ്രകാരം നഗരസഭകളും കേർപ്പറേഷനുകളും അനുഭവിക്കുന്നതുപോലെ ഗ്രാമപഞ്ചായത്തുകൾക്കും നൽകേണ്ടതാണ്.

10. എല്ലാ മൂന്ന് മാസകാലയളവിലും ലോക്കൽ ഗവണ്മെന്റുകൾ യോഗങ്ങൾ കൂടി ഡിമാൻഡ് കളക്ഷൻ ബാലൻസ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാ വരവിനങ്ങളെക്കുറിച്ചും ചർച്ച ചെയ്യേണ്ടതാണ്. ഈ ചർച്ചയിൽ നിന്ന് ഉണ്ടാകുന്ന തീരുമാനങ്ങളുടെ രത്നച്ചുരുക്കം ഗ്രാമസഭകളിലും വാർഡ്സഭകളിലും അവതരിപ്പിക്കേണ്ടതാണ്.

11. വസ്തുനികുതി, പരസ്യനികുതി തുടങ്ങിയ നികുതികളുടേയും നികുതിയേതര വരവിനങ്ങളുടേയും പ്രത്യേക സൂചിക തയ്യാറാക്കുന്നതിനുവേണ്ടി നിയമ നിർമ്മാണം നടത്തേണ്ടതുണ്ട്. പരസ്യനികുതിയ്ക്കും നികുതിയേതര ഇനങ്ങൾക്കും നഗരസഭകളെ സംബന്ധിച്ചിടത്തോളം കായികാദ്ധ്വാനം വേണ്ടാത്ത തൊഴിലാളികൾക്ക് തിരുവനന്തപുരത്തെ ഉപഭോക്തൃ വില സൂചികയും ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം കർഷകത്തൊഴിലാളികൾക്ക്

വേണ്ടിയുള്ള ഉപഭോക്തൃ വിലസൂചികയും അടിസ്ഥാനപ്പെടുത്തി രണ്ട് കൊല്ലത്തിലൊരിക്കൽ പരിഷ്കരണം നടത്തേണ്ടതാണ്. വസ്തുനികുതിയുടെ കാര്യത്തിൽ ഓരോ അഞ്ചുവർഷത്തിലും പരിഷ്ക്കരണങ്ങൾ നടത്തേണ്ടതുണ്ട്.

12. അനുമതി കൂടാതെയുള്ള ഫണ്ട് വകമാറ്റലുകൾക്ക് ഉത്തരവാദപ്പെട്ടവരിൽ നിന്നും 2% പിഴ മാസാടിസ്ഥാനത്തിൽ ഈടാക്കേണ്ടതാണ്.

13. ലോക്കൽ ഗവണ്മെന്റുകളുടെ റവന്യൂ വരവു സ്റ്റേറ്റുമെന്റും കുടിശ്ശിക നിലയും അടുത്ത സാമ്പത്തികവർഷം സെപ്റ്റംബർ 30 നകം നിയമസഭ മുമ്പാകെ സംസ്ഥാനസർക്കാർ സമർപ്പിക്കേണ്ടതാണ്.

14. വസ്തുനികുതിയിൽ വൻകുടിശ്ശിക വരുത്തുന്നവരുടെ പട്ടിക ബന്ധപ്പെട്ട ലോക്കൽ ഗവണ്മെന്റിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

15. ലോക്കൽ ഗവണ്മെന്റുകളുടെ തനത് വരവ് ക്രെഡിറ്റ് ചെയ്യുന്നതിനായി ഒരു പ്രത്യേക അക്കൗണ്ട് തുടങ്ങേണ്ടതാണ്.

16. ക്ഷേമപെൻഷനുകളുടെ ഗുണഭോക്താക്കളെ ബന്ധപ്പെട്ട ലോക്കൽ ഗവണ്മെന്റുകൾ തെരഞ്ഞെടുക്കേണ്ടതും പെൻഷൻ തുക കേന്ദ്രീകൃത സംവിധാനത്തിലൂടെ വിതരണം നടത്തേണ്ടതാണ്.

17. ലോക്കൽ ഗവണ്മെന്റിന്റെ പരിധിയിൽ വരുന്ന ഏതൊരു നികുതിയും ഒഴിവാക്കുവാനും കുറയ്ക്കുവാനുമുള്ള ഉത്തരവ് ബന്ധപ്പെട്ട ലോക്കൽ ഗവണ്മെന്റിന്റെ അറിവോടും സമ്മതത്തോടും കൂടി മാത്രമേ സംസ്ഥാന സർക്കാർ പുറപ്പെടുവിക്കാൻ പാടുള്ളൂ.

18. എല്ലാ ലോക്കൽ ഗവണ്മെന്റിലും ഒരു അക്കൗണ്ട് കേഡർ നിലവിൽ വരുത്തേണ്ടതാണ്. (വിശദവിവരങ്ങൾ പ്രധാന റിപ്പോർട്ടിൽ വിവരിച്ചിട്ടുണ്ട്).

19. അംഗീകരിച്ച ശുപാർശകൾ തുടർനടപടികൾക്കും പൂർണ്ണമായി നടപ്പിലാക്കുന്നതിനും വേണ്ടി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ തദ്ദേശസ്വയംഭരണ, ധനകാര്യ, നിയമ വകുപ്പ് സെക്രട്ടറിമാരടങ്ങിയ ഒരു ഉന്നതാധികാര സമിതി രൂപീകരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റിയ്ക്കുള്ള സെക്രട്ടേറിയൽ സഹായം ധനകാര്യ വകുപ്പിലെ എസ്.എഫ്.സി സെൽ നൽകേണ്ടതാണ്.

***(11.5.1)***

***<u>നടപടി</u>***

***ഈ വിഷയം വിശദമായ പരിശോധനയ്ക്കായി തദ്ദേശ സ്വയംഭരണം, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിക്ക് വിടാൻ തീരുമാനിച്ചു.***